(ഇ) ഇൻഷ്വറൻസ് പദ്ധതിയിൽ ആദ്യപടിയായി എത്രലക്ഷം കർഷകരെ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പദ്ധതി എന്നു മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്തെ ചെറുകിട നാമമാത്ര കർഷകർക്കായി പത്തു ലക്ഷം പേർക്ക് പ്രയോജനം ലഭിക്കുന്ന "കർഷകരക്ഷാ പദ്ധതി' എന്ന പേരിൽ ഒരു ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കൃഷി പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളതും 25 സെന്റുമുതൽ 5 ഏക്കർവരെ കൃഷിഭൂമി കൈവശമുള്ള കൃഷിക്കാരനും കൃഷി ഭൂമി ഒരു വർഷവും അതിനുമുകളിൽ കാലയളവിലേയ്ക്ക് പാട്ടത്തിന് എടുത്ത് കൃഷി ചെയ്യുന്ന കർഷകരേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ പദ്ധതിയിൽ അംഗമാകുന്നതിന് കൃഷിക്കാരൻ തുകയൊന്നും നൽകേണ്ടതില്ല. പോളിസി തുകയടയ്ക്കുന്നത് സർക്കാരാണ്.

(ഡി) ഉണ്ട്. പദ്ധതിയുടെ പരിധിയിൽ വരുന്ന കർഷകർക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

1.	എല്ലാവിധ അപകടമരണവും	- 1 ലക്ഷം രൂപ
2.	പൂർണ്ണമായ അംഗവൈകല്യം	- 1 ലക്ഷം രൂപ
3.	രണ്ടുകാലുകൾ/കൈകൾ/കണ്ണുകൾ	- 1 ലക്ഷം രൂപ
4.	ഒരു കാൽ/കൈ/കണ്ണ്	- 50,000 രൂപ
5.	അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ട് കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സഹായം	- 5,000 രൂപ വീതം
6.	അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ട് പെൺകുട്ടികൾക്ക് വിവാഹത്തിന് ധനസഹായം	- 5,000 രൂപ
7.	അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ ശവശരീരം വീട്ടിൽ എത്തിക്കുന്നതിന്	- 1,000 രൂപ
8.	മരണപ്പെടുന്ന അംഗത്തിന്റെ ശവസംസ്കാരത്തിന്	- 1,000 രൂപ
9.	ഗുരുതരമായി മുറിവേൽക്കുന്ന അംഗത്തിന്റെ ശുശ്രൂഷ ചിലവിന് ധനസഹായം	- 5,000 രൂപ

(ഇ) 10 ലക്ഷം കർഷകരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

(എഫ്) അംഗങ്ങളെ ചേർക്കുന്ന പ്രവർത്തനം പൂർത്തിയാക്കി കഴിഞ്ഞു.

29 (*85) ബസ്, ബോട്ട് ചാർജ്ജ് വർദ്ധനവുകൾ പുനഃപരിശോധിക്കാൻ നടപടി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈയിടെ വരുത്തിയ ബസ്, ബോട്ട് ചാർജ്ജ് വർദ്ധനവുകൾ പുനഃപരിശോധിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ;

(ബി) കെ.എസ്.ആർ.ടി.സി. റിസർവേഷൻ ടിക്കറ്റിന്റെ നിരക്ക് വർദ്ധിപ്പിക്കാൻ ഇടയായിട്ടുണ്ടോ; എങ്കിൽ ഈ വർദ്ധനവ് എത്ര ശതമാനം വരുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർദ്ധനവിന് സ്വീകരിച്ച മാനദണ്ഡമെന്തായിരുന്നു എന്ന് വിശദീകരിക്കുമോ;

(ഡി) ഡീസൽ വില വർദ്ധന മൂലം കെ.എസ്.ആർ.ടി.സി. ക്ക് ഉണ്ടാകുന്ന പ്രതിമാസ അധിക ഡീസൽ ചെലവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) പൊതുവിൽ അത്തരത്തിലുള്ള ഒരു കാര്യം ഗവൺമെന്റ് പരിഗണിക്കുന്നില്ല. എന്നാൽ, ബോട്ടു ചാർജ്ജ് വർദ്ധനവുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ ഗവൺമെന്റ് പുനഃപരിശോധനയ്ക്ക് വിധേയമാക്കി വരുകയാണ്.

(ബി) ഉണ്ട്. 150%

(സി) കെ.എസ്.ആർ.ടി.സി. ഇതര സംസ്ഥാനങ്ങളിൽ ഈടാക്കുന്ന റിസർവേഷൻ ചാർജ്ജും മറ്റു ആർ.ടി.സി. കൾ ഈടാക്കുന്ന റിസർവേഷൻ ചാർജ്ജും കണക്കിലെടുത്ത് കൊണ്ടാണ് ഇവിടെയും വർദ്ധന വരുത്തിയത്.

(ഡി) ഡീസൽ വിലയിൽ ഇപ്പോഴുണ്ടായ വർദ്ധനമൂലം കെ.എസ്. ആർ.ടി.സി. ക്ക് ഒരു മാസം ശരാശരി 3.15 കോടി രൂപയുടെ അധിക ചെലവുണ്ടാകുന്നുണ്ട്.

30 (*86) റബ്ബറിന്റെ വാങ്ങൽ നികുതി

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വാങ്ങൽ നികുതി എടുത്തു കളയാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ സംഭരിച്ച റബ്ബറിന് നികുതി ഒഴിവാക്കിക്കൊടുത്തിട്ടുണ്ടോ;

(ഡി) വാങ്ങൽ നികുതി സംബന്ധിച്ച് കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെയും സംസ്ഥാന കൃഷി മന്ത്രാലയത്തിന്റേയും എസ്.ടി.സി. യുടെയും അഭിപ്രായങ്ങൾ സംസ്ഥാന ധനകാര്യവകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) റബ്ബറിന് ന്യായമായ വില ലഭ്യമാക്കാൻ ധനകാര്യവകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly